## പതിമൂന്നാം കേരള നിയമസഭ.

### ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2496 — 13/02/2013 ൽ മറുപടിയ്ക്ക്

### പഴമ്പാലക്കോട് വില്ലേജിലെ മണ്ണ്, മണൽ, കളിമണ്ണ് ഖനനത്തിനുള്ള അനുമതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ. കെ. ബാലൻ | | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) | പാലക്കാട് ജില്ലയിൽ തരൂർ I വില്ലേജിൽ പഴമ്പാലക്കോട് പടിഞ്ഞാറ്റുമുറിയിൽ സർവ്വേ 45/3-ൽപ്പെട്ട ഭൂമിയിൽ നിന്നും മണ്ണ്, മണൽ, കളിമണ്ണ് എന്നിവ ഖനനം ചെയ്യുന്നതിന് വ്യവസായ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് അനുമതി നൽകിയത്; വ്യവസായ ആവശ്യത്തിനാണോ ഇവ ഉപയോഗിക്കുന്നത്; | (എ) | പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ തരൂർ-1 വില്ലേജിൽ സർവ്വേ നമ്പർ 45/3-ൽപ്പെട്ട ഭൂമിയിൽ നിന്നും കേന്ദ്ര ഗവൺമെന്റിന്റെ വരൾച്ചാ പാക്കേജ് പ്രകാരം കുളം നിർമ്മിച്ചപ്പോൾ ലഭിച്ച സാധാരണ കളിമണ്ണ്,ചെളി എന്നിവ കൂട്ടിയിട്ടിരിക്കുന്നത് നീക്കം ചെയ്യുന്നതിന് 04/10/2012 തീയതിയിലെ നം.ഇ(സായ) 1480/2012/വ്യവ. പ്രകാരം അനുമതി നൽകിയിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കളിമണ്ണ്, ചെളി എന്നിവ നീക്കം ചെയ്യുന്നതിന് പാലക്കാട് ജിയോളജിസ്റ്റ് പാസ് (ട്രാൻസിറ്റ്) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ദി മിനറൽസ് (റെഗുലേഷൻ ആന്റ് ഡെവലപ്പ്മെന്റ്) ആക്ട് 1957-ന് വിധേയമായിട്ടാണോ ഖനനാനുമതി നൽകിയിട്ടുള്ളത്; അല്ലെങ്കിൽ ആയതിനുള്ള പ്രത്യേക സാഹചര്യമെന്തായിരുന്നു; നിയമത്തിന് വിരുദ്ധമായി അനുമതി നൽകാൻ വകുപ്പിന് അധികാരമുണ്ടോ; വിശദമാക്കാമോ? | (ബി) | കേന്ദ്ര പദ്ധതിയുടെ ഭാഗമായ വരൾച്ചാ പാക്കേജിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച പ്രവൃത്തി നടപ്പിൽ വരുത്തിയപ്പോൾ മണ്ണ് നീക്കുന്നതിന് പ്രത്യേക കേസായി പരിഗണിച്ചാണ് അനുമതി നൽകിയത്. |
| (സി) | വ്യവസായ വകുപ്പ് ഖനനാനുമതി നൽകുന്നതിനുമുമ്പ് റവന്യൂ, പഞ്ചായത്ത്, കൃഷി വകുപ്പുകളുടെ അനുമതി തേടിയിരുന്നോ, അനുമതി ലഭിച്ചിരുന്നോ. | (സി) | ഖനനാനുമതിയല്ല, നിർമ്മാണത്തിനുശേഷം കൂട്ടിയിട്ടിരുന്ന മണ്ണ് നീക്കുന്നതിനാണ് അനുമതി നൽകിയത്. അതിനാൽ മറ്റ് വകുപ്പുകളുടെ അനുമതി ആവശ്യമില്ല. |

| | | | |
|---|---|---|---|
| (ഡി) | ജില്ലാ കളക്ടർ, മൈനിംഗ് & ജിയോളജി ജില്ലാ മേധാവി എന്നിവരുടെ റിപ്പോർട്ട് തേടിയിരുന്നോ; റിപ്പോർട്ട് ലഭിച്ചിരുന്നോ; റിപ്പോർട്ട് ഖനനത്തിന് അനുകൂലമായിരുന്നോ; വ്യക്തമാക്കുമോ ; | (ഡി) | തേടിയിരുന്നു. ജില്ലാ കളക്ടർ, മൈനിംഗ് & ജിയോളജി ജില്ലാ മേധാവി എന്നിവരുടെ റിപ്പോർട്ട് പരിഗണിച്ചതിന് ശേഷമാണ് മണ്ണ് നീക്കുന്നതിന് പ്രത്യേക അനുമതി നൽകിയത്. |
| (ഇ) | ഈ വിഷയത്തിൽ ജനങ്ങളുടെ പ്രതിഷേധം പാരിസ്ഥിതിക പ്രശ്നം, പ്രാദേശിക സർക്കാരിന്റെ എതിർപ്പ് എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ ? | (ഇ) | ഉണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതി പരിശോധിക്കുകയും മണ്ണ്, ചെളി എന്നിവ നീക്കം ചെയ്യുന്നതിന് പാലക്കാട് ജിയോളജിസ്റ്റ് നൽകിയ താൽക്കാലിക അനുമതി നിറുത്തൽ ചെയ്യുകയും നിറുത്തൽ ഉത്തരവിന്റെ പകർപ്പുകൾ ആലത്തൂർ പോലീസ്, തരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, തരൂർവില്ലേജ് ആഫീസർ എന്നിവർക്ക് നൽകുകയും ചെയ്തു. ടി സ്ഥലത്ത് യാതൊരുവിധ മണ്ണ് നീക്കങ്ങളും നടന്നിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. അനുവദിച്ച ട്രാൻസിറ്റ് പാസുകളും പാലക്കാട് ജില്ലാ ഓഫീസിൽ തിരികെ വാങ്ങുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ